പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3402

19/10/2016-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണമേന്മ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.ബി. ഗണേഷ് കുമാർ | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ഗ്രാമങ്ങൾ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാർ ആലോചനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ; | (എ) | ഗ്രാമീണ മേഖലയിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. |
| (ബി) | ക്ഷീര സംഘങ്ങളിലൂടെ ശേഖരിക്കപ്പെടുന്ന പാലിന്റെ ഗുണമേന്മയെക്കുറിച്ച് പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് മറികടക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ക്ഷീര സംഘങ്ങളുടെ ആധുനികവല്ക്കരണം പരിഗണനയിലുണ്ടോ ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (സി) | ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി 2016-17 ൽ 1950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വമുള്ള പാൽ സംഭരണ മുറി, ഗോഡൗൺ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ എന്നിവ നിർമ്മിക്കുന്നതിനും AMC (Automatic Milk Collection Unit) യൂണിറ്റ് സ്ഥാപിക്കുന്നതിനും ക്ഷീര സംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത സഹായത്തിനും ധനസഹായം നൽകുന്നു. കൂടാതെ പുതുതായി രൂപീകരിക്കുന്ന സംഘത്തിനും പ്രവർത്തന രഹിതമായവ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോല്പാദക സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ, പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. ക്ഷീര സംഘങ്ങളെയും ഡയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ക്ഷീര കർഷകർക്ക് പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും നടപടിയുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വമെടുത്തിനു ശേഷം 5 വർഷം 500 ലിറ്ററിൽ കൂടുതൽ പാൽ ക്ഷീര സംഘങ്ങളിൽ അളന്ന 60 വയസ് പൂർത്തിയാക്കിയ ക്ഷീര കർഷകർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. അർഹരായവർക്ക് ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനായുള്ള സംവിധാനം ഏർപ്പെടുത്തുകയും പെൻഷൻ യഥാസമയം നല്കുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.